**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1195** **02-02-2026 - ൽ മറുപടിയ്ക്ക്**

**സമുദ്ര മത്സ്യോല്പാദനത്തിന്റെ കുറവും മത്സ്യബന്ധന മേഖലയുടെ ആധുനികവത്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമുദ്രമത്സ്യത്തിന്റെ അളവിൽ കുറവ് സംഭവിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് സമുദ്രമത്സ്യത്തിന്റെ അളവിൽ കുറവ് സംഭവിക്കുന്നില്ല. സംസ്ഥാനത്തെ സമുദ്ര മത്സ്യ ഉൽപ്പാദനം 2023-24നെ അപേക്ഷിച്ച് 2024-25-ൽ 11.32 ശതമാനം വളർച്ചയാണ് വന്നിട്ടുള്ളത്. 2022-23, 2023-24, 2024-25 വർഷങ്ങളിലെ സമുദ്ര മത്സ്യ ഉൽപ്പാദനം ചുവടെ ചേർക്കുന്നു.<br><br>സമുദ്ര മത്സ്യ ഉൽപ്പാദനം 2022-23 - 690000 മെട്രിക് ടൺ.<br><br>സമുദ്ര മത്സ്യ ഉൽപ്പാദനം 2023-24 - 581422 മെട്രിക് ടൺ.<br><br>സമുദ്ര മത്സ്യ ഉൽപ്പാദനം 2024-25 - 647253 മെട്രിക് ടൺ. |
| (ബി) | സമുദ്ര മത്സ്യോല്പാദനം കുറയുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് സമുദ്രമത്സ്യത്തിന്റെ അളവിൽ കുറവ് സംഭവിക്കുന്നില്ല. സംസ്ഥാനത്തെ സമുദ്ര മത്സ്യ ഉൽപ്പാദനം 2023-24നെ അപേക്ഷിച്ച് 2024-25-ൽ 11.32 ശതമാനം വളർച്ചയാണ് വന്നിട്ടുള്ളത്. 2022-23, 2023-24, 2024-25 വർഷങ്ങളിലെ സമുദ്ര മത്സ്യ ഉൽപ്പാദനം ചുവടെ ചേർക്കുന്നു.<br><br>സമുദ്ര മത്സ്യ ഉൽപ്പാദനം 2022-23 - 690000 മെട്രിക് ടൺ.<br><br>സമുദ്ര മത്സ്യ ഉൽപ്പാദനം 2023-24 - 581422 മെട്രിക് ടൺ.<br><br>സമുദ്ര മത്സ്യ ഉൽപ്പാദനം 2024-25 - 647253 മെട്രിക് ടൺ. |
| (സി) | മത്സ്യബന്ധന മേഖലയുടെ ആധുനികവത്കരണവും വികസനവും ലക്ഷ്യമാക്കി സ്വീകരിച്ച നടപടികളുടെ | (സി) | മത്സ്യബന്ധന മേഖലയിലെ സമഗ്ര വികസനവും ആധുനികവത്കരണവും ലക്ഷ്യമാക്കി സംസ്ഥാന |

| | |
|---|---|
| വിശദാംശം നൽകാമോ? | സർക്കാർ വിവിധ പദ്ധതികൾ കേന്ദ്ര സർക്കാരുമായി സഹകരിച്ചും അല്ലാതെയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടെ ഫിഷറീസ് സ്കൂളുകൾ, തീരദേശ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) മുഖേന തീരദേശത്തെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത മേഖലകളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനായി 2450 കോടി രൂപ ചെലവിൽ പുനർഗേഹം പദ്ധതി വഴി ആധുനിക രീതിയിലുള്ള ഭവനസമുച്ചയങ്ങളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇതിനകം 5422 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കി. കൂടാതെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഇതിനകം 16798 കുടുംബങ്ങൾക്ക് ഭവനം ഉറപ്പാക്കിയിട്ടുണ്ട്.<br><br>മത്സ്യബന്ധന മേഖലയിലെ ആധുനികവത്കരണവും സമഗ്ര വികസനവും ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി Pradhan Mantri Matsya Sampada Yojana (PMMSY) പദ്ധതി നടപ്പിലാക്കി വരുന്നു. PMMSY യുടെ ഭാഗമായി സംസ്ഥാനത്തെ തീരദേശ മത്സ്യഗ്രാമങ്ങളെ Integrated Modern Coastal Fishing village ആയി വികസിപ്പിക്കുന്നതിനായി 07.05.2024-ലെ സ.ഉ(സാധാ)നം.226/2024/മഭൂവ ഉത്തരവ് പ്രകാരം 9 തീരദേശ മത്സ്യഗ്രാമങ്ങളെ ആധുനിക മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) വഴിയാണ് നടപ്പിലാക്കി വരുന്നത്.<br><br>മത്സ്യബന്ധന മേഖലയിലെ ആധുനികവത്കരണവും സമഗ്ര വികസനവും ലക്ഷ്യമാക്കി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന മത്സ്യബന്ധന യാനങ്ങളെ ആധുനികവത്കരിക്കുന്നതിലേക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ 23 പരമ്പരാഗത യാനങ്ങളെ 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകി സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത |

മത്സ്യബന്ധന യാനങ്ങളായി നവീകരിച്ചു. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി തടി നിർമ്മിത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്തു. കൂടാതെ യന്ത്രവൽകൃത ബോട്ടുകളിൽ 50% നിരക്കിൽ പരമാവധി 8000/- രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകി ശുദ്ധജല ടാങ്ക് ഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി 836 മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിച്ചു. കൂടാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 ൽ ഫിഷ് ഫൈൻഡർ ഉള്ള 565 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന GPS കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽസുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം 2021-22 ൽ 777 (377 മൗണ്ടിംഗ് ജി.പി.എസും, 400 ഹാന്റ് ഹെൽഡ് ജി.പി.എസും) ജി.പി.എസുകളും, 2022-23ൽ 548 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 75 ശതമാനം സബ്സിഡിയോടു കൂടി 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ട കൂടാതെ സൂക്ഷിക്കുന്നതിനും കേടാകാത്ത മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ 2018-19 മുതൽ 2022-23 വരെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി ഇതിനകം 520 FRP യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിച്ച് വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം ഒഴിവാക്കുന്നതിനും ചെറുമത്സ്യങ്ങൾ വലകളിൽ അകപ്പെട്ട് മത്സ്യസമ്പത്ത് ശോഷിക്കുന്നത് തടയുന്നതിലേക്കുമായി കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തതിന്റെ ഭാഗമായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും 2019-20 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു.

2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. 2018-19 സാമ്പത്തിക വർഷം മുതൽ 2024-25 വരെ 15 കോടി 75 ലക്ഷം രൂപ ചെലവിൽ ആകെ 15,146 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ മത്സ്യബന്ധനം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ജി.പി.എസ്സും ലൈഫ്ബോയെകളും എക്കോസൗണ്ടറുകളും DAT, VHF മറൈൻ റേഡിയോ എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ 2021-22 വരെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി 4090 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. തുടർന്ന് 2022-23 സാമ്പത്തിക വർഷം “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും” എന്ന PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 ലോക്കേഷനുകളിലായി 6300 കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് പദ്ധതി നടപ്പാക്കി. തുടർന്ന് തീരദേശത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള സീ റാഞ്ചിംഗ്

പദ്ധതി നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

മത്സ്യബന്ധനത്തിനിടയിൽ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാനത്തെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകൾ കേന്ദ്രീകരിച്ച് പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ് യാർഡ് മുഖേന 3 മറൈൻ ആംബുലൻസുകൾ നിർമ്മിച്ച് നിലവിൽ രക്ഷാപ്രവർത്തനം നടത്തി വരുന്നു.

ഹാർബറുകളുടെ സുരക്ഷയും മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിലെക്കായി Monitoring of KMFR Act at Fishing harbours എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം മുതൽ വിഴിഞ്ഞം, ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ (കൊല്ലം), മുനമ്പം, പൊന്നാനി, പുതിയാപ്പ, ബേപ്പൂർ, മാപ്പിളബേ, മടക്കര (കാസർഗോഡ്) എന്നീ പ്രധാന ഹാർബറുകളിൽ KELTRON മുഖേന സി. സി. റ്റി. വി. ക്യാമറകൾ സ്ഥാപിച്ച് മാസ്റ്റർ കൺട്രോൾ റൂമുമായി ബന്ധപ്പെട്ടുത്തി പ്രവത്തിപ്പിച്ചു വരുന്നു. ബാക്കി 15 ഹാർബറുകളിൽ സി. സി. റ്റി. വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് സമഗ്ര പ്രൊപോസൽ തയാറാക്കി വരുന്നു. കൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം നൽകാൻ കഴിയുമാറ് വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ എന്നീ പ്രധാന ഹാർബറുകളിൽ LED display board-കൾ സ്ഥാപിച്ചു.

മത്സ്യബന്ധന മേഖലയുടെ ആധുനീകവൽക്കരണത്തിന്റെ ഭാഗമായി Kerala Marine Fishing Regulation Act (KMFRA) നടപ്പാക്കൽ ശക്തിപ്പെടുത്തുകയും ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ നാല് ഫിഷറീസ് സ്റ്റേഷനുകൾ പുതിയതായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കൂടാതെ 9 ഫിഷറീസ് സ്റ്റേഷനുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി ആധുനികവൽക്കരിച്ചു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്, സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലുമായി 15 പ്രധാന ഹാർബറുകളിൽ 'സീ റെസ്ക്യൂ സ്ക്വാഡുകൾ' രൂപീകരിക്കുകയും 100 സീ റെസ്ക്യൂ ഗാർഡുമാരെ നിയമിച്ചു പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ഘടകത്തിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണത്തിനും മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടുന്നതിനും മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി PMMSY യുടെ ഭാഗമായി Climate Resilient Coastal Fishermen Villages (CRCFV) പദ്ധതി നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് ആലപ്പുഴ, എറണാകുളം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലായി ആറു മത്സ്യഗ്രാമങ്ങളെ CRCFV ആയി വികസിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ ഗ്രാമത്തിനും പരമാവധി 2 കോടി രൂപ വീതമാണ് പദ്ധതി ചെലവ്. പദ്ധതിയുടെ ഭാഗമായി മത്സ്യഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ ലാൻഡിംഗ് സെന്ററുകളുടെ നവീകരണം, ലൈറ്റിംഗ് സൗകര്യങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ഉപജീവന സഹായ ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>മത്സ്യബന്ധന മേഖലയുടെ ആധുനികവത്കരണവും വികസനവും ലക്ഷ്യമാക്കി കിഫ്ബി, നബാർഡ്, PMMSY, RIDF, സ്റ്റേറ്റ് പ്ലാൻ സ്കീം, സാഗർമാല പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ